**ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സണും ജില്ലാ മജിസ്ട്രേട്ടും കൂടിയായ തൃശ്ശൂർ ജില്ലാ കളക്ടറുടെ നടപടിക്രമം**

(സാന്നിദ്ധ്യം : ഷാനവാസ്.എസ്, ഐ.എ.എസ്)

വിഷയം:- കോവിഡ് – 19 – രോഗവ്യാപനം തടയുന്നതുമായി ബന്ധപ്പെട്ട് – നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവാകുന്നു.

സൂചന:-1 2005 ലെ ദുരന്തനിവാരണ നിയമം സെക്ഷൻ 26(2),30,33,34 എന്നീ വകുപ്പുകളും മറ്റുള്ളവയും.

2. വിവിധ ആരാധനാലയങ്ങളിൽ നിന്നും ലഭിച്ച അപേക്ഷകൾ.

**ഉത്തരവ് നമ്പർ DCTSR/H4/14476/2019 തിയതി. 01.01.2021**

കോവിഡ് –19 മഹാമാരി പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കേരള സർക്കാർ അതീവ ജാഗ്രത പുലർത്തികൊണ്ടാണ് ഓരോ പ്രവർത്തനതലങ്ങളും നിരീക്ഷിച്ചുകൊണ്ടിരിക്കുന്നത്. തൃശ്ശൂർ ജില്ലയിലും ഇതിനായുള്ള മുൻകരുതലുകൾ പലതും ഉത്തരവുകളായും ഉപദേശരൂപേണയും ഇതിനോടകംതന്നെ ജില്ലാ ദുരന്തനിവാരണ അതോറിറ്റി നൽകിയിട്ടുള്ളതുമാണ്.

എന്നാൽ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ജില്ലയിൽ പല ക്ഷേത്രങ്ങളിലും പള്ളികളിലും ഉൽസവങ്ങളും വേലാഘോഷങ്ങളും, പെരുന്നാളുകളും മറ്റും പതിവുള്ളതാണ്. വിവിധ ആരാധനാലങ്ങലിൽ നിന്ന് ആഘോഷം നടത്തുന്നത് സംബന്ധിച്ച് അപേക്ഷകൾ ലഭിക്കുന്നുണ്ട്.കോവിഡ്–19 ന്റെ പ്രത്യേക സാഹചര്യത്തിൽ മേൽപറഞ്ഞ ആഘോഷങ്ങൾക്ക് ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപോഴ്സണും,ജില്ലാ മജിസ്ട്രേറ്റും, ജില്ലാ കളക്ടറുമായ ഷാനവാസ്.എസ്, ഐ.എ.എസ് എന്ന ഞാൻ ദുരന്തനിവാരണ നിയമം 2005 ലെ 26(2), 30,33,34 എന്നീ വകുപ്പുകൾ പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് താഴെ പറയും പ്രകാരം ക്രമീകരണം നൽകി ഇതിനാൽ ഉത്തരവാകുന്നു.

**ഉത്തരവ്**

1. മഹാമരി പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മേൽ പറയുന്ന എല്ലാ ആഘോഷങ്ങളും മിനിമം ആളുകളെ മാത്രം പങ്കെടുപ്പിച്ചുകൊണ്ട് ആരാധനാലയങ്ങളുടെ കൊമ്പൗണ്ടിൽ ചടങ്ങായി മാത്രം നടത്തേണ്ടതാണ്.

2. ആഘോഷവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രത്യേക ചടങ്ങുകൾക്ക് ആരാധനാലയത്തിന് പുറത്തേക്ക് വരേണ്ട സാഹചര്യങ്ങളുള്ള പക്ഷം 10 ൽ കൂടാത്ത ആളുകളെ മാത്രം പങ്കെടുപ്പിച്ചുകൊണ്ട് ചടങ്ങ് നടത്താവുന്നതാണ്.

3. ആഘോഷങ്ങൾക്ക് ആനയെ എഴുന്നള്ളിക്കേണ്ടി വരുന്ന പക്ഷം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അനുമതി ലഭ്യമാക്കി ഒരു ആനയെ മാത്രം എഴുന്നള്ളിച്ച് ചടങ്ങ് നടത്തേണ്ടതാണ്.

4. അമ്പുപെരുന്നാളിനോടനുബന്ധിച്ച് പള്ളികളിലെ അമ്പ് എഴുന്നള്ളിപ്പുകൾക്ക് ആളുകൾ കൂട്ടം കൂടാൻ ഇടയുള്ള വാദ്യഘോഷങ്ങൾ ഒഴിവാക്കേണ്ടതും, പരമാവധി 10 പേരെ മാത്രം പങ്കെടുപ്പിച്ചുകൊണ്ട് ചടങ്ങുമാത്രമായി നടത്തേണ്ടതാണ്.

5. മേൽ പ്രസ്താവിച്ച എല്ലാ ചടങ്ങുകളിലും കോവിഡ് പ്രോട്ടോക്കോൾ നിർബന്ധമായും പാലിക്കേണ്ടതാണ്.യാതൊരു കാരണവശാലും കോവിഡ് ലക്ഷണങ്ങളുള്ള ആളുകൾ ചടങ്ങുകളിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല.സംഘാടകർ ഇത് ഉറപ്പുവരുത്തേണ്ടതാണ്.

മേൽ ഉത്തരവുകൾ ലംഘിക്കുന്നവർക്കെതിരെ 1897 ലെ പകർച്ചവ്യാധി നിയന്ത്രണ നിയമം അനുസരിച്ചും 1875 ലെ പൊതുജനാരോഗ്യ നിയമപ്രകാരവും 2005 ലെ ദുരന്ത നിവാരണ നിയമപ്രകാരവും നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഒപ്പ്)
ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ
ജില്ലാ മജിസ്ട്രേട്ട് & ജില്ലാ കളക്ടർ, തൃശ്ശൂർ

സ്വീകർത്താവ്:-

1. ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ(സിറ്റി/റൂറൽ)
2. ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം), തൃശ്ശൂർ
3. റവന്യൂ ഡിവിഷണൽ ഓഫീസർ തൃശ്ശൂർ/ഇരിങ്ങാലക്കുട
4. എല്ലാ തഹസിൽദാർമാർക്കും/എക്സിക്യൂട്ടീവ് മജിസ്ട്രേറ്റമാർക്കും
5. ജില്ലാ ഇൻഫർമാഷൻ ഓഫീസർ, തൃശ്ശൂർ - മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്.
6. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, തൃശ്ശൂർ - വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
7. ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത്(എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മാർക്കും അറിയിപ്പിനായി.
8. കോർപ്പറേഷൻ സെക്രട്ടറി,തൃശ്ശൂർ
9. എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും

// ഉത്തരവിൻ പ്രകാരം//

ഡെപ്യൂട്ടി കളക്ടർ (ദുരന്ത നിവാരണം)